# 'OIKONOMIA'

## 2024




**DEPARTMENT OF ECONOMICS**

**PAZHASSIRAJA COLLEGE, PULPALLY**


Dept.of
ECONOMICS

# INDEX


MESSAGES ........ 05 - 14

Department At A Glance! ........ 15 - 16

Programs Conducted In The Department During 2023-24 ........ 17 - 18

POEMS ........ 19 - 28

ARTS & SPORTS ........ 29

ARTICLES ........ 30 - 35

PHOTOS ........ 36 - 38

STORIES ........ 39 - 41

DRAWINGS ........ 42 - 46

Editorial Board Articles ........ 47 - 52

A Legacy of Excellence: :Honoring Dr Silvi TS ........ 53 - 54

IV PHOTOS ........ 55

OUR FACULTY -2024 ........ 56

CONCLUSION ........ 57



CHIEF EDITOR : DR.SILVI TS

STAFF EDITOR : ADITHYA R S

STUDENT EDITOR : SHAMNAS KS

STAFF : IRIN K JOY | SARANYA M S

LAYOUT : ASWINI

DESIGN : ALEN DAVID | NAJIYA NASRIN A K

ILLUSTRATION : AFNA SHERIN | JUBNA K

PHOTOS : OMNADH P P

ADVERTISEMENT : MUFEEDHA M A

PRINTING : ELDHO DEZIGN



Sources: Shutterstock,Unsplash ,All images are copyright to their respective owners

Copyright ©2024, Department of Economics,, Pazhassiraja College. All Rights Reserved

# സമർപ്പണം

ജാതി മത വർണ്ണ വിവേചനങ്ങൾക്ക് മുന്നിൽ സധൈര്യം പൊരുതി  നമുക്ക് സ്വാതന്ത്ര്യം  നേടിത്തന്ന അതുല്യ പ്രതിഭകൾക്കും, സാമ്പത്തിക ശാസ്ത്ര വിഭാഗത്തിന്റെ നൂതനമായ വളർച്ചയ്ക്ക് വേണ്ടി അതുല്യമായ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന മഹത് വ്യക്തികൾക്കും ഈ മാഗസിൻ പതിപ്പ് സമർപ്പിക്കുന്നു.

# EDITORIAL BOARD

CHIEF EDITOR



**SILVI TS**
HEAD, DEPARTMENT OF ECONOMICS

STAFF EDITOR



**ADITHYA R S**
ASSISTANT PROFESSOR

STUDENT EDITOR



**SHAMNAS K S**
III BA ECONOMICS

STAFF



**AIRIN JOY K**
ASSISTANT PROFESSOR



**SARANYA MS**
ASSISTANT PROFESSOR

LAYOUT



**ASWINI M A**
III BA ECONOMICS

DESIGN



**ALEN DAVID**
III BA ECONOMICS



**NAJIYA NASRIN A K**
III BA ECONOMICS

ILLUSTRATION



**AFNA SHERIN**
II BA ECONOMICS



**JUBNA K**
II BA ECONOMICS

PHOTOS



**OMNADH P P**
III BA ECONOMICS

ADVERTISEMENT



**MUFEEDHA M A**
II BA ECONOMICS

# എഡിറ്റോറിയൽ...





പ്രിയമുള്ളവരെ,ക്യാമ്പസുകൾ സർഗാത്മതയുടെ പടനിലങ്ങളാണ്. വിദ്യാഭ്യാസത്തിനൊപ്പം സമൂഹത്തിന്റെയും നമ്മുടെ നാടിന്റെയും, ലോകത്തിന്റെയും വളർച്ചയ്ക്ക് മുതൽക്കൂട്ട് ആകേണ്ട ഒരു തലമുറയാണ് ഓരോ കലാലയങ്ങളിലും നിറഞ്ഞുനിൽക്കുന്നത് . വിപ്ലവകരമായ പോരാട്ടങ്ങളിലൂടെ സ്വാതന്ത്ര്യം നേടിയെടുത്ത പാരമ്പര്യത്തിനൊപ്പം ജാതിമത വർണ്ണവിവേചനങ്ങൾ മാറ്റിനിർത്തിക്കൊണ്ട് വൈവിധ്യമാർന്ന മാനവ സമൂഹത്തെ ചേർത്തുപിടിച്ച സംസ്കാരവുമാണ് നമുക്കുള്ളത്. അതൊരിക്കലും കാലത്തിൻറെ യവനികക്കുള്ളിൽ മറയുവാൻ പാടില്ല. മറിച്ച് കാലത്തിൻറെ അനിവാര്യതയായി കരുതലോടെ നാമെന്നും മുന്നോട്ടു കൊണ്ടുപോകേണ്ട ഒരു ലക്ഷ്യമായി തുടരണം. ഏറ്റവും മനോഹരവും വ്യത്യസ്തമായ ആശയങ്ങളിലും ആണ് Oikonomia എന്ന മാഗസിൻ പതിപ്പിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. കുട്ടികളുടെ അക്കാദമിക് മികവുകൾക്കൊപ്പം തന്നെ അവരുടെ പാഠ്യേതര കഴിവുകളും പ്രോത്സാഹിപ്പിക്കപ്പെടേണ്ടത് ഈ കാലഘട്ടത്തിൻറെ അനിവാര്യത തന്നെയാണ്. നൂതനമായ മാറ്റങ്ങൾ വിദ്യാഭ്യാസ മേഖലയിൽ വരുത്തുന്ന സ്വാധീനം വളരെ വലുതായ ഈ സാഹചര്യത്തിൽ പഠനത്തോടൊപ്പം തന്നെ കുട്ടികളുടെ വ്യത്യസ്തമായ ആശയങ്ങൾ ,ചിന്തകൾ , സർഗാത്മകമായ കഴിവുകൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടത് വളരെ പ്രധാനമാണ്. കാലം കടന്നുപോകുമ്പോൾ ഒരു ഓർമ്മച്ചെപ്പായി മാറുന്ന ഓരോ മാഗസിനുകളും മാറിമറിയുന്ന കാലഘട്ടത്തിന്റെയും അധ്യാപക വിദ്യാർത്ഥി സമൂഹത്തിന്റെ കാഴ്ചപ്പാടുകളുടെയും അടയാളപ്പെടുത്തലുകൾ ആയി മാറുന്നു. ഉൾക്കാഴ്ചയുള്ള കവിതകൾ, ലേഖനങ്ങൾ, കഥകൾ, ചിത്രങ്ങൾ എന്നിവയുമായി ഈ മാഗസിൻ പതിപ്പ് നിറഞ്ഞുനിൽക്കുന്നു. Oikonomia എന്ന സാമ്പത്തിക ശാസ്ത്ര വകുപ്പ് വിഭാഗത്തിൻറെ മാഗസിൻ പതിപ്പിന്റെ ഓരോ താളുകളിലൂടെയും നിങ്ങൾ കടന്നു പോകുമ്പോൾ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും നിസ്വാർത്ഥമായ സേവനത്തിന്റെയും ആത്മാർത്ഥമായ പരിശ്രമത്തിന്റെയും നേട്ടങ്ങളുടെയും വർണ്ണാഭമായ ചിത്രങ്ങൾ നിങ്ങൾക്ക് കാണുവാൻ സാധിക്കും . അവ  നിങ്ങളുടെ ഹൃദയത്തിൻറെ ആഴങ്ങളെ സ്പർശിക്കട്ടെ എന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു . പ്രിയപ്പെട്ട അധ്യാപകരുടെയും വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെയും തൂലികകളിൽ നിന്നും ജീവൻ കൊണ്ട ഓരോ രചനകളെയും ഞങ്ങളാൽ സാധിക്കും വിധം മനോഹരമാക്കാൻ ശ്രമിച്ചുവെന്ന് കരുതുന്നു. Oikonomia  2024 എന്ന ഈ മാഗസീനിനു വേണ്ടി പ്രവർത്തിച്ച, ഒപ്പം നിന്ന് ഏവർക്കും ഹൃദയത്തിൻറെ ഭാഷയിൽ നിന്നും സ്നേഹവും നന്ദിയും അറിയിക്കുന്നു. സ്നേഹപൂർവ്വം,

**ആദിത്യ ആർ.എസ്**
സ്റ്റാഫ് എഡിറ്റർ

**ഷംനാസ് കെ.എസ്**
സ്റ്റുഡന്റ് എഡിറ്റർ



# MESSAGE *from* THE PRINCIPAL

പ്രിയപ്പെട്ടവരെ,

പഴശ്ശിരാജ കോളേജിന്റെ ആരംഭത്തിൽ തന്നെ തുടക്കം കുറിച്ച, സാമ്പത്തിക ശാസ്ത്ര വിഭാഗത്തിന്റെ സമ്പന്നമായ പൈതൃകത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, അത് തീർച്ചയായും അഭിമാനത്തിന്റെ നിമിഷമാണ്. വർഷങ്ങളായി, ഈ വകുപ്പ് അക്കാദമിക് മികവിന്റെ പ്രകാശഗോപുരവും സർഗാത്മകമായ മനസ്സുകളുടെ പോഷണ കേന്ദ്രവുമാണ്. സാമ്പത്തിക ശാസ്ത്ര വിഭാഗം അക്കാദമിക, കല–കായിക മേഖലകളിൽ പുലർത്തുന്ന മികവ് എടുത്തു പറയേണ്ടതുമാണ്.

ആഗോളവും ദേശീയവുമായ സാമ്പത്തികമായ പ്രവാഹങ്ങളിലൂടെ നാമിന്ന് യാത്ര ചെയ്യുമ്പോൾ, ഈ മാറ്റങ്ങളെ വ്യാഖ്യാനിക്കുന്നതിലും, അവയിൽ മികച്ച സംഭാവന ചെയ്യുന്നതിലും നിങ്ങളുടെ പങ്ക് കൂടുതൽ പ്രാധാന്യമർഹിക്കുന്നു.

ആഗോള സമ്പദ്‌വ്യവസ്ഥയുടെ ചലനാത്മകമായ യാത്രകളിലൂടെ സഞ്ചരിക്കുമ്പോൾ, ഇന്ത്യയിലെയും ലോകത്തെയും നിലവിലെ അവസ്ഥയെ വിമർശനാത്മകമായി വിശകലനം ചെയ്യേണ്ടത് അത്യാവശ്യമാണ്. സാമ്പത്തിക ഗതിവിഗതികൾ കാര്യമായ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്, വെല്ലുവിളികളും അവസരങ്ങളും ഒരുപോലെ നമ്മെ തേടി വരുന്നുണ്ട്.
OIKONOMIA എന്ന മാഗസിൻ നിങ്ങളുടെ അക്കാദമിക് മികവിന്റെ ആഘോഷവും, ഉൾക്കാഴ്ചയുള്ള ചർച്ചകൾക്കുള്ള വേദിയും ,സാമ്പത്തിക വിദഗ്ധരുടെ ഭാവി തലമുറകൾക്ക് പ്രചോദനത്തിന്റെ ഉറവിടവുമാകട്ടെ.
നിങ്ങളുടെ അചഞ്ചലമായ സമർപ്പണത്തിന് ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിലെ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരോട് ഞാൻ ഹൃദയംഗമമായ അഭിനന്ദനം അറിയിക്കുന്നു. ഈ മാഗസിൻ ചിന്തനീയമായ ചർച്ചകൾക്കും നൂതന ആശയങ്ങൾക്കും സഹകരണ പ്രയത്നങ്ങൾക്കും ഒരു വേദിയായി മാറട്ടെ .
നമുക്ക് ഒരുമിച്ച് അക്കാദമിക് മികവിന്റെ കേന്ദ്രമായി തുടരാം, നമ്മുടെ നാടിൻറെ വളർച്ചയ്ക്ക് അർത്ഥപൂർണ്ണമായ സംഭാവന നൽകാം.
ആശംസകളോടെ ,

**അബ്ദുൽ ബാരി കെ.കെ**



# MESSAGE *from* THE CEO

ചിന്തകളും ഭാവനകളും മനുഷ്യന്റെ
മാത്രം ഗുണവിശേഷണങ്ങൾ ആണ്.
അതാണ് മനുഷ്യനെ മറ്റു ജീവ
ജാലങ്ങളിൽ നിന്ന് വ്യത്യസ്തനാക്കി
അതുല്യനാക്കി മാറ്റുന്നത്. അവന്റെ
ഭാവനയിൽ പുരോഗതി ഉണ്ട്,
അറിവുകൾ ഉണ്ട്, മാറ്റങ്ങൾ ഉണ്ട്,
വിനോദം ഉണ്ട്. ഭാവനാ പൂർണരായ
വ്യക്തികളും നാളുകളും നമുക്ക്
സമ്മാനിക്കുന്ന നല്ല നാളെകളെ
സ്വപ്നം കണ്ടു കൊണ്ടു പഴശ്ശിരാജ
കോളേജിലെ ധനതത്വശാസ്ത്ര
വിഭാഗം അണിയിച്ചൊരുക്കുന്ന
മാഗസിനു ആശംസകൾ...

**റവ.ഫാദർ വർഗ്ഗീസ് കൊല്ലമാവുടി**



# MESSAGE *from* THE BURSAR

വിദ്യാഭ്യാസ മേഖലയിൽ നൂതനമായ ഒരുപാട് മാറ്റങ്ങൾ കടന്നുവരുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നു പോകുന്നത്. മാറ്റങ്ങൾ കാലഘട്ടത്തിൻറെ അനിവാര്യതയാണ്. വിദ്യാഭ്യാസത്തിൻറെ മൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തന്നെ സമൂഹത്തിനും നാടിനും ഉന്നമനം നൽകുന്ന ചിന്തകളും പ്രവർത്തികളും ഉള്ള ഒരു തലമുറ നമുക്ക് ആവശ്യമാണ് . 'Oikonomia' എന്ന സാമ്പത്തിക ശാസ്ത്ര വിഭാഗത്തിന്റെ മാഗസിനിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു..

**റവ.ഫാദർ വർഗീസ് ചേലംപറമ്പത്ത്**



# MESSAGE from THE SELF FINANCING DIRECTOR

ധനതത്ത്വ ശാസ്ത്രവിഭാഗത്തിന്റെ പ്രത്യേകതാത്പര്യത്തിൽ ഒരു മാഗസിൻ പ്രസിദ്ധിപ്പെടുത്തുന്നതിനായി അറിയിച്ചിരിക്കുന്ന ഈ വേളയിൽ 'Oikonomia' എന്ന് പേരിട്ടിരിക്കുന്ന മാഗസീനിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഓരോരുത്തരെയും അഭിനന്ദിക്കുന്നു . നിങ്ങളുടെ പരിശ്രമം ഒരു വിജയമാക്കട്ടെ എന്നു ആശംസിക്കയും ചെയ്യുന്നു.

'തെല്ലതിൻസ്പർശമില്ലാതെയില്ലലങ്കാരമൊന്നും' എന്ന പണ്ഡിതമതം അതിശയോക്തി അലങ്കാരത്തെ അർഹിച്ചുള്ളതാണെങ്കിലും നമുക്ക് ഒരു പാഠഭേദം ഇങ്ങനെ ചമയ്ക്കാം. 'തെല്ലതിൻ (സാമ്പത്തികശാസ്ത്രം) സ്പർശമില്ലാതെയില്ലയില്ല ശാസ്ത്രമൊന്നും '.

**പ്രൊഫ.താരാ ഫിലിപ്പ്**



# MESSAGE from HEAD,DEPARTMENT OF ECONOMICS

സന്തോഷം കൊണ്ടും നിറമാർന്ന അനുഭവങ്ങൾ കൊണ്ടും സമ്പന്നമാണ് പഴശ്ശിരാജ കലാലയം. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ  കൊണ്ട് വിദ്യാർത്ഥികളെ ലോകോത്തര നിലവാരങ്ങളിലേക്ക് ഉയർത്തുന്നതിനും കൂടുതൽ മികവിന്റെ ഉയരങ്ങളെ കയ്യെത്തിപിടിക്കുവാൻ പ്രാപ്തമാക്കുന്ന വിദ്യാനികേതനം ആണിത്.ഈ കലാലയത്തിന്റെ പടികടന്നെത്തിയ നിങ്ങൾ ഓരോരുത്തർക്കും  പഠനത്തിൽ മുന്നേറുവാനും, സജീവ വീക്ഷണങ്ങളെ കൃത്യമാക്കി ചിട്ടപ്പെടുതുവാനും പുത്തൻ ആശയങ്ങളും കൃത്യമായ നിലപാടുകളും സ്വീകരിച്ചുകൊണ്ട് ജീവിതത്തിൽ വിജയം വരിക്കുവാനും സാധ്യമാകട്ടെ എന്ന് ആഗ്രഹിക്കുകയും ആശംസിക്കുകയും ചെയ്യുകയാണ്. അനുഭവങ്ങളും അവസരങ്ങളും നിങ്ങളെ കൂടുതൽ മിടുക്കന്മാരും മിടുക്കികളും ആക്കട്ടെ.

നമ്മുടെ സാമ്പത്തിക ശാസ്ത്ര വിഭാഗത്തിലെ എന്റെ പ്രിയപ്പെട്ട വിദ്യാർത്ഥികൾ അണിയിച്ചൊരുക്കുന്ന "ഒയ്ക്കോണോമിയ" ഈ വർഷത്തെ നമ്മുടെ പ്രവർത്തനങ്ങൾക്ക് ഒരു തിലകകുറിയാകും. ഇതിനു പിന്നിൽ പ്രവർത്തിച്ച ആദിത്യ ടീച്ചർക്കും എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കും നല്ല നമസ്ക്കാരം.ആശയ സംവാദങ്ങളുടെ വിളഭൂമിയാണിത്. നിങ്ങളുടെ പാഠ്യ പാഠ്യേതര കാല്പനികതയുടെ ചുവടുപിടിച്ച് ഇവിടെ വിരുന്നിന് എത്തിയിട്ടുണ്ട്. വായനക്കാരുടെ മനസ്സിൽ ഒരു കുളിർമഴയായ് പെയ്തിറങ്ങട്ടെ 'Oikonomia – 2024'

**ഡോ.സിൽവി ടി.എസ്**



I am glad to recognize that the Department of Economics is publishing "Oikonomia," a magazine designed specially to express the talents of students and to mark precious moments of college life. In addition to the numerous achievements of the department, this is yet another milestone in the curricular and co–curricular activities. Let the pages of Oikonomia inspire thought, igniting a passion for understanding and shaping the world around us. On this occasion, I would like to take this opportunity to express my gratitude to the students for their efforts in producing this magazine.

**DR.MERIN S THADATHIL**
**ASSISTANT PROFESSOR**



ഓരോ കാലത്തിനും, ഓരോ ശിശിരങ്ങൾക്കും പറയാനുണ്ട് തഴുകിയ വിരലുകളെ... നഷ്ടപെട്ട ശ്രുതിയിൽ ഒഴുകികൊണ്ടിരിക്കുന്ന നദിക്കും,തിര തല്ലുന്ന തിരമാലക്കും ഓർക്കാനുണ്ട് ഒരായിരം കഥകൾ...
Oikonomia ക്ക് വിണ്ണിൽ നീങ്ങി മറയുന്ന മേഘ നിലാവുകളെ പോലെ,എന്നെന്നും പുലരിയിലെ സൂര്യപ്രഭ പോലെ നിറഞ്ഞു നിൽക്കാൻ കഴിയട്ടെയെന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു

**SARANYA M S**
**ASSISTANT PROFESSOR**



It's my proud privilege to pen down the message for Department Magazine 2023-2024. And I wish each word that you wrote today to become an inspiration for coming generation. Dream without fear, love without limit and let the mind be cheerful.
I congratulate all the contributors and editorial group for sincere effort in bringing out the magazine. I wish very success to this venture.

**DELNA SUNNY**
**ASSISTANT PROFESSOR**



Writing is an exhaustive and pleasant experience. At the same time, it is one of the difficult yet productive skills too. No doubt this creative endeavor will bring out an aray of artistic and scientific expressions with distinct individual signatures.
I congratulate the convenor and the committee members on their successful effort to bring out the Department Magazine for the academic year 2023-24.

**NEETHU DEVASIA**
**ASSISTANT PROFESSOR**



ഒരു വിദ്യാർത്ഥിയെ പൂർണ്ണതയിലേക്ക് നയിക്കുന്നത് കലാലയമാണ് . പിണക്കങ്ങളും , ഇണക്കങ്ങളുമായി വർഷങ്ങൾ കടന്നു പോകുപോൾ അവനറിയാതെ അവനിലെ വ്യക്തിത്വം രൂപപ്പെടുന്നു .

ഒരു യഥാർത്ഥ കലാകാരൻ താൻ കാണുന്ന അറിയുന്ന കാര്യങ്ങളെല്ലാം മനസ്സിൽ സ്വാംശീക്കരിക്കുകയും ഉത്തമ സമയത്ത് അതിനെ സൃഷ്ടികളായി പുറത്തെടുക്കുകയും ചെയ്യും. ഇത്തരം കലാഹൃദയമുള്ളവർക്ക് അവരുടെ സാഹിത്യ സൃഷ്ടികളെ പ്രദർശിപ്പിക്കാനുള്ള കലാലയ വേദിയാണ് മാഗസിനുകൾ .എല്ലാ ആസ്വാദകരെയും ഒരുപോലെ തൃപ്തിപ്പെടുത്താൻ ഒരു പക്ഷേ ഇതിലെ സൃഷ്ടികൾക്ക് കഴിഞ്ഞെന്ന് വരില്ല. കാരണം കുറച്ചു പ്രതിഭകളെങ്കിലും തങ്ങളുടെ അരങ്ങേറ്റമായിരിക്കും ഇവിടെ ചെയ്യുന്നത്. ഇതിൽ അരങ്ങേറ്റം കുറിക്കുന്ന ചിലരെങ്കിലും നാളെ സമൂഹത്തിൽ അറിയപ്പെടുന്നവരായിരിക്കും. കലാലയ ജീവിതം പോലെ എന്നും വർണ്ണപകിട്ടാർന്നതാവട്ടെ നിങ്ങളുടെ ജീവിതവും എന്ന് ആശംസിക്കുന്നു.

## ATHIRA R
### ASSISTANT PROFESSOR



നമ്മുടെ മനസ്സിൽ ഉദിക്കുന്ന ആശയങ്ങൾ ആണ് സൃഷ്ടികൾ ആയി മാറുന്നത്. അത് കഥകൾ ആയും കവിതയായും, ലേഖനമായും വരകളായും മറ്റുള്ളവരിൽ എത്തുകയും അവരിലൂടെ അത് സമൂഹത്തിന്റെ മാറ്റത്തിനു കാരണം ആകുകയും ചെയ്യുമ്പോൾ ആണ് സൃഷ്ടിയുടെ ധർമ്മം പൂർത്തിയാകുന്നത്. തുലികയിലെ മഷിയിലൂടെ പുറത്തുവരുന്ന സൃഷ്ടികൾ ലോകത്തിൽ അത്ഭുതങ്ങൾ സൃഷ്ടിക്കുന്നു. സാമ്പത്തിക ശാസ്ത്ര വിഭാഗത്തിന്റെ 'Oikonia' എന്ന ഡിപ്പാർട്മെന്റ് മാഗസിൻ ,സൃഷ്ടിയിലെ അത്ഭുതത്തിനു വഴിതിരിവ് ആവട്ടെ.... കുട്ടികളുടെ കഴിവുകൾ ലോകത്തിനു വെളിച്ചമാവട്ടെ.......

ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ

## IRIN JOY K J
### ASSISTANT PROFESSOR



മാഗസീനുകൾ എന്നും ഓർമ്മകളുടെ
കലവറയാണ്. വ്യത്യസ്തമായ
ചിന്തകൾ ,ആശയങ്ങൾ വിവിധങ്ങളായ
രചനകൾ , ചിത്രങ്ങൾ എന്നിവയെല്ലാം കൊണ്ട്
മനോഹരമായ ഒരു ക്യാൻവാസ് ആണ് നാം
സൃഷ്ടിക്കുന്നത് . Oikonomia എന്ന നമ്മുടെ
മാഗസിനു വേണ്ടി നിസ്വാർത്ഥം പ്രയത്നിച്ച
എല്ലാവർക്കും നന്മകൾ നേരുന്നു .

**AMAL MARCUS**
**ASSISTANT PROFESSOR**

"A society can be Pareto optimal
and still perfectly disgusting."
Amartya Sen

# Department At a Glance!

1982–ൽ കാലിക്കറ്റ് സർവകലാശാലയിലെ അഫിലിയേറ്റഡ് കോളേജ് ആയി വയനാട് പുൽപ്പള്ളി പഴശ്ശിരാജ  കോളേജ് സ്ഥാപിതമായി.പഴശ്ശിരാജ കലാലയത്തിന്റെ മണ്ണിൽ 1991 ലാണ് സാമ്പത്തിക ശാസ്ത്ര വിഭാഗം ആരംഭിക്കുന്നത്. പ്രൊഫസർ ബാബുക്കുട്ടി തോമസായിരുന്നു പ്രഥമ വകുപ്പ് മേധാവി . പിന്നീട് 2005–ൽ അദ്ദേഹത്തിൻറെ നിര്യാണത്തെ തുടർന്ന് പ്രൊഫ.എം.ടി. കുട്ടിയച്ചൻ വകുപ്പ് മേധാവിയായി ചുമതലയേറ്റു. പ്രൊഫസർ എം ടി കുട്ടിയച്ചൻ, പ്രൊഫസർ പ്രകാശ് എന്നിവരുടെ വിരമിക്കലിനെ തുടർന്ന് 2016 മുതൽ ഡോ. സിൽവി ടി.എസ് ആണ് വകുപ്പ് മേധാവിയായി പ്രവർത്തിച്ചു വരുന്നത് . ഇരുനൂറിലധികം  വിദ്യാർത്ഥികൾ ഇന്ന് സാമ്പത്തിക ശാസ്ത്ര വകുപ്പ് വിഭാഗത്തിൽ പഠിക്കുന്നു. 2014–ൽ ഡിപ്പാർട്ട്മെന്റ് ബിരുദാനന്തര ബിരുദ വിഭാഗമായി ഉയർത്തപ്പെട്ടു,2021 ൽ ന്യൂജനറേഷൻ കോഴ്സുകൾ സർക്കാർ അനുവദിച്ചതിന്റെ ഭാഗമായി എയ്ഡഡ് വിഭാഗത്തിൽ ബി.എ ഇക്കണോമിട്രിക്സ് & ഡാറ്റാ മാനേജ്മെന്റ് കോഴ്സ് വകുപ്പിന് ലഭിച്ചത് ഒരു പൊൻതൂവൽ ആയി മാറി.  നിലവിൽ എയ്ഡഡ് വിഭാഗത്തിൽ 50 സീറ്റുകളുമായി ബി.എ ഇക്കണോമിക്സ്, 40 സീറ്റുകളുമായി ബി.എ ഇക്കണോമെട്രിക്സ് & ഡാറ്റാ മാനേജ്മെന്റ് , സെൽഫ് ഫിനാൻസിംഗ് വിഭാഗത്തിൽ 20 സീറ്റുമായി എം.എ ഇക്കണോമിക്സ് ,15 സീറ്റുകളുമായി എൻവിയോൺമെന്റൽ ഇക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്കൽ ഡാറ്റ അനാലിസിസ്  എന്നീ രണ്ട് സർട്ടിഫിക്കറ്റ് കോഴ്സുകളും ആണ് നിലവിലുള്ളത് . ശ്രദ്ധേയമായ അക്കാദമിക് മികവുകളുള്ള ഒമ്പത് ഫാക്കൽറ്റി അംഗങ്ങളും ഐസിടി പ്രാപ്തമാക്കിയ ക്ലാസ് റൂമുകളും, ഡിപ്പാർട്ട്മെന്റ് തലത്തിൽ ഒരു ലൈബ്രറിയും ഇന്ന് വകുപ്പിനു സ്വന്തമായി ഉണ്ട്.

ഫാക്കൽറ്റി അംഗങ്ങൾ പഴശ്ശിരാജ കലാലയത്തിന്റെ വിവിധ കമ്മിറ്റികളിൽ അംഗങ്ങളും, ഡോ. സിൽവി.ടി.എസ് , ഇസ്ലാമിക് ഫിനാൻസ് ചെയർമാനായി കാലിക്കറ്റ് സർവ്വകലാശാലയിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗമായി സേവനമനുഷ്ഠിക്കുകയും ചെയ്യുന്നു. 12–ാം പദ്ധതി പ്രകാരം ഡോ. സിൽവി. ടി .എസ് യു.ജി.സിയുടെ മൈനർ പ്രോജക്ട് ഏറ്റെടുത്തു ചെയ്തിട്ടുണ്ട്. ഇതുവരെ 21 യു.ജി ബാച്ചുകളും 8 പി.ജി ബാച്ചുകളും ഡിപ്പാർട്ട്മെന്റിൽ നിന്നും വിജയകരമായി പഠനം പൂർത്തിയാക്കിയിട്ടുണ്ട്. അക്കാദമിക് മികവുകൾക്കൊപ്പം തന്നെ വിദ്യാർത്ഥികളുടെ പാഠ്യേതര പദ്ധതികൾക്കും മികച്ച പങ്കാളിത്തമാണ് വകുപ്പ് ഉറപ്പുവരുത്തിയിട്ടുള്ളത്. കലാസംസ്കാരികമായ നേട്ടങ്ങൾക്കും , സാമൂഹിക വളർച്ചയ്ക്കും ഏറ്റവും മികച്ച മുതൽക്കൂട്ട് ആവാൻ ഓരോ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സാധിച്ചിട്ടുണ്ട്. കലോത്സവങ്ങൾക്കും , കായിക മത്സരങ്ങളിലും മാതൃകാപരമായ വിജയങ്ങളും പങ്കാളിത്തവും ഉറപ്പുവരുത്താൻ സാധിക്കുന്നു എന്നുള്ളത് അഭിമാനിക്കാവുന്ന നേട്ടം തന്നെയാണ്. കുട്ടികളിൽ സാമൂഹിക അവബോധം, ശാക്തീകരണം എന്നിവ വളർത്തിയെടുക്കാൻ ആദിവാസി മേഖലകളിലെ വിദ്യാർത്ഥികൾക്ക് പഠനസഹായങ്ങളും, മാസംതോറും ട്യൂഷനും, സി.യു.എസ്.എസ് പ്രോഗ്രാമിന്റെ ഭാഗമായി സർക്കാർ ആശുപത്രി ശുചീകരണ പ്രവർത്തനങ്ങളിലും ഇന്ന് വിദ്യാർത്ഥികൾ മികച്ച പങ്കാളിത്തം ഉറപ്പാക്കുന്നു . 2023–24 അധ്യയന വർഷം വിദ്യാർത്ഥികളുടെ പഠന മികവിലും പാഠ്യേതര മികവിലും മേന്മ കൂട്ടിയ വർഷം തന്നെയായിരുന്നു. ജനാധിപത്യ മൂല്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് നടന്ന ഈ വർഷത്തെ ഇക്കണോമിക്സ് വിഭാഗം അസോസിയേഷൻ തിരഞ്ഞെടുപ്പിൽ മൂന്നാംവർഷ ബിരുദ വിദ്യാർഥിയായ അലൻ ഡേവിഡ് അസോസിയേഷൻ സെക്രട്ടറിയായും , ജോയിന്റ് സെക്രട്ടറിയായി മൂന്നാംവർഷ ബിരുദ വിദ്യാർത്ഥിയായ ഷംനാസ് കെ.എസ് എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു. വിവിധവും വ്യത്യസ്തവുമായ പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് മികച്ച ഒരു അക്കാദമിക്ക് ഉയർച്ച വളർത്തിക്കൊണ്ടു വരുവാൻ വകുപ്പിന് സാധിച്ചു. മാറിമറിയുന്ന വിദ്യാഭ്യാസ നയങ്ങളിലും , നൂതനമായ ചലനങ്ങളിലും ഉജ്ജ്വലമായ ജൈത്രയാത്രയുമായി വകുപ്പ് മുന്നോട്ടു പോകുന്നു.

# PROGRAMS CONDUCTED IN THE DEPARTMENT DURING 2023-24




INVITED LECTURE ON THE TOPIC THE SIGNIFICANCE OF AN ECONOMIST. RESOURCE PERSON DR VIPIN (IIM KOZHIKODE)




ENVIRONMENTAL DAY CELEBRATION




INVITED LECTURE ON THE TOPIC PUBLIC POLICY AND COMPUTATIONAL EXPERIMENT. RESOURCE PERSON -DR DAVOUD TEGHAWI



COMPETITIVE EXAM ORIENTATION-INVITED WEBINAR-RESOURCE PERSON GOKUL S IAS




CALICUT UNIVERSITY SOCIAL SERVICE PROGRAMME (CUSSP)




DEBATE ON THE TOPIC SCIENCE AND THE MYTH

# PROGRAMS CONDUCTED IN THE DEPARTMENT DURING 2023-24






TEACHERS DAY CELEBRATION



ONAM CELEBRATION



CHRISTMAS CELEBRATION



INDUSTRIAL VISIT TO VANAMOOLIKA-PG STUDENTS



# അച്ഛൻ


ആദ്യാക്ഷരം കുറിച്ചു
തന്നെൻ കുഞ്ഞിളം കൈകളിൽ
കൂടെ നടന്നും കൂടെ കളിച്ചും
കാണാ ചൂരലാൽ ശാസിച്ചു ഞങ്ങളെ
ഇന്നോളം ഊട്ടിയ
ഉരുളകളെല്ലാം
ദൂരെ ദ്വീപിലെ
രാവും പകലും.

ഇന്നീ കൈകളിൽ
സ്നേഹത്തിൻ പൊതികളില്ല,
നീട്ടി വിളികളുമില്ല.
യാത്ര പറയാതെ
പടികടന്നകലുമ്പോൾ
നീ ഞങ്ങളെ താലോലിച്ചുറക്കിയ
ഉമ്മറതിണ്ണയും ഏകനായി.



മുഫീദ എം.എ
BA Economics 2nd Year





# അതിഥിയുടെ ഇര

ജീവനോടൊപ്പം
കുഞ്ഞുകിനാക്കളും
മണ്ണിലമർന്നു
രക്തചുവപ്പിനാൽ
മണ്ണിന്റെ നിറം  മാറി

പൂന്തോട്ടത്തിലൂടെ
പാറിപ്പറന്ന് കൊതിതീരും മുന്നേ
ചിറകടർന്ന് നിലം പതിച്ച
കുഞ്ഞു ശലഭങ്ങൾ

അതിഥികൾ അധികാരം
കീഴടക്കിയതോടെ
അവകാശികൾ
രക്തസാക്ഷികളായി തീർന്നു

അവിടെയെന്നും മഴ
പെയ്യാറുണ്ടത്രേ
പക്ഷെ തീമഴയെന്ന് മാത്രം

അറ്റുപോയ
കുഞ്ഞുശലഭങ്ങളെ
നോക്കി മാതാപിതാക്കൾ
നിർമിഴിയാൽ പറഞ്ഞു:
വിടരും മുൻപ് നീ
പൊഴിഞ്ഞെങ്കിലും
സ്വർഗത്തിൽ നീ
പൂത്തുലയുക തന്നെ
ചെയ്യും!

ഞങ്ങളുടെ
മനസ്സിൽ
കുഞ്ഞുശലഭങ്ങൾ
പാറിപറക്കട്ടെ



**ജുബ്ന കെ**
BA Economics 2nd Year



# ചിതറിതെറിക്കുമീ ഓർമകളും

അമ്മനാടും ഇന്നന്യമായ് തീർന്നിടും
ഓർമകൾ തന്നുടെ അലതല്ലുകൾ..
മർത്യനാടിന്റെ നനുവാർന്നൊരു ഓർമ്മകൾ
അതൊക്കെയും ചുടു ചെഞ്ചോരയായ്
പതിച്ചിരുന്നു..

മനതിനൊരു വിങ്ങലായ് അറിയുന്നു സത്യവും
ഞാനുമിന്നഭയാർത്ഥി എന്നു മാത്രം
കടോരകരങ്ങൾ തൻ പീഡന ചൂടിലും
പെറ്റമ്മയാം നാടിൻ കുളിർ മാത്രമായ്..



നിഷാന ഫെബിൻ
BA Economics 2nd Year

ഇന്നുമതൊക്കെയും പാഴ്ചിന്തയൊന്നുപോൽ
അന്യമായി ഉറ്റുനോക്കിടുകയായ് ...

ഉറ്റവർ തന്നുടെ ഉടലറ്റ മെയ്യിലും
കണ്ടുഞാൻ ജന്മനാടിൻ വികാരം..
നാടുകടത്തിയ കാട്ടാള മാനുഷ്യർ
കെട്ടിയാടുമി നിർവികാരം..

ശിഥിലമാകുന്നതി ചോര കണങ്ങൾ പോൽ
വേരറ്റ് പോകുമി ജന്മനാടും
മറ്റൊരുനാട്ടിലും അന്യരായ് കഴിയുമീ
ജീവിതമതൊക്കെയും അർത്ഥശൂന്യം.....



# ഇരയും മാപ്പും

സന്ധ്യതൻ ഇരുണ്ട വെളിച്ചത്തിൽ
ചെറുതായൊന്ന് മയങ്ങിയപ്പോൾ
ദീപ്തമായ കിനാവുകൾ കൂട്ടിനുണ്ടായിരുന്നു.
അതിനിടയിൽ,
തെരുവുകൾ ചിലപ്പോൾ ഉണർന്നിരിക്കാം.....
ചുവന്ന നക്ഷത്രം കടലിൽ പോയി  ഒളിച്ചിരിക്കാം..
പറവകൾ ചേക്കേറുവാൻ
പറന്നകന്നു പോയിരിക്കാം...
ഇളം പൈതങ്ങൾ ചായുറങ്ങൻ
അമ്മയുടെ നെഞ്ചകം തിരഞ്ഞിരിക്കാം...

പതിയെ തുറന്ന
കണ്ണുകൾ ഉടക്കിയത്
ഒരു മാപ്പ് ഹർജിക്കുമുന്നിലാണ് ചത്തു ചീഞ്ഞ
മനുഷ്യത്വം കൊത്തിപ്പറിച്ചാ
വാർത്താവിതരണക്കാർ,
എക്സ് ക്ലു സീവ് എന്ന
മുൾമുനയിൽ കോർത്തെടുത്ത
ഒരു പാവം പിഞ്ചുബാല്യത്തോടുള്ള മാപ്പ്! മാപ്പ്!

കണ്ണീരാൽ കപട പൂജ നടത്തുന്ന ചിലർ
വാർത്താ പ്രാധാന്യത്തെ കച്ചവടമാക്കുന്ന ചിലർ
മതസ്പർദ്ധ ഇളക്കിവിട്ട്
ചിരിക്കുന്ന ചിലർ
പ്രാർത്ഥനയുടെ മെഴുകുതിരികളുമായി ചിലർ.
പേക്കൂത്ത് നടത്തിയിട്ടും
ഒളിപ്പാർപ്പിടം തേടുന്നതും കൊടുക്കുന്നതുമായ
ചിലർ.  ഇതിന്റെ ഇടയിൽ
എട്ട് വയസിന്റെ
കുസൃതിയിൽഓടികളിച്ച പൂന്തോട്ടത്തിൽ നിന്നും
രാക്ഷസന്മാരുടെ ഗുഹയിൽ അകപ്പെട്ട്
തോറ്റ് കൊടുത്ത ഒരു പെൺകുഞ്ഞിന്റെ കരച്ചിൽ.

അവൾക്ക് വേണ്ടിയിരുന്നത   വയലറ്റ്
പൂക്കളുള്ള ഉടുപ്പിലെ വർണ്ണങ്ങൾ
ആയിരിക്കാം
അവൾ ആഗ്രഹിച്ചത്
ചിത്രശലഭത്തെയും

മഴവില്ലിനെയുമായിരിക്കം...
ഇര എന്ന പെരുകുത്തി
കാമഭ്രാന്ത് മാത്രം സമ്മാനിച്ച
ഈ ലോകത്തിന് അവൾക്കായി കൊടുക്കാൻ
ഇത് മാത്രമെ ഉള്ളു അത്രേ..
ന്യൂസ് ചാനൽ ഞാനും
നിർത്തുകയാണ്..... മാപ്പ്!
അതെ പെൺകുഞ്ഞെ മാപ്പ്!

നാളത്തെ എന്റെ സന്ധ്യസ്വപ്നങ്ങളിൽ
നീ വരാതിരിക്കട്ടെ....
വരില്ലെന്ന് അറിയാം....
കാരണം....
നാളത്തെ എക്സ്ക്യൂസീവ്
നീയായിരിക്കില്ല.



ജിജിന ജോസ്
PG 1st YEAR



# ഓർമ്മകൾ

ചിലതങ്ങനെയാണ് ഒരിക്കലും
മറക്കാൻ കഴിയാതെ , എന്നും
ഉള്ളിൽ ഒരു നോവിന്റെയോ
ആഹ്ലാദത്തിന്റെയോ വിരഹത്തിന്റെയോ
അങ്ങനെ പലതിനെ കുറിച്ചും ......
ഇടനെഞ്ചിനുള്ളിൽ മതിൽ കെട്ടിനുള്ളിൽ
ഞാൻ തടഞ്ഞുവച്ചിരിക്കുന്നു
എനിക്കെന്നും പ്രിയപ്പെട്ടതായി
എന്നോടൊത്തു മണ്ണടിയാൻ
വിധിക്കപ്പെട്ട എന്റെ സ്വന്തം ഓർമ്മകൾ .....



അനിഷ എൻ.എസ്
ECONOMETRICS 2ND YEAR

# കാത്തിരിപ്പ്

വാകമരത്തിൻ ചുവട്ടിൽ ഞാൻ
നിന്നെയും കാത്തു നിൽപ്പൂ...
വാകമരത്തിൻ ചുവട്ടിൽ ഞാൻ
നിന്നെയും കാത്തു നിൽപ്പൂ...

പ്രണയമാം പ്രാവിന്റെ
കുറുകുന്ന നാദം ഞാൻ
എന്റെ കർണ്ണത്തിൽ കേട്ടു...
മധുരമാം വണ്ടിന്റെ മൂളുന്ന
നാദവും ഞാൻ എന്റെ
കർണ്ണത്തിൽ കേട്ടു
വാകമരത്തിൻ ചുവട്ടിൽ
വാകമരത്തിൻ ചുവട്ടിൽ



നേരം കടന്നു പോയി...
കാലം കടന്നു പോയി....
നീ മാത്രം എന്നിൽ എത്തിയില്ല....
രാവും കടന്നു പോയി....
നാളും കടന്നു പോയി....
നിൻ നിഴൽ പോലും എൻ അരികിൽ
എത്തിയില്ല.....
എൻ അരികിൽ എത്തിയില്ല.....



അഭിജിത് കെ.എ
ECONOMICS 1ST YEAR

നിന്നെയും കാത്തു ഞാൻ നിൽപ്പൂ.....
വാകമരത്തിൻ ചുവട്ടിൽ ഞാൻ
നിന്നെയും കാത്തു നിൽപ്പൂ....



# കാർമേഘം

മനം പോലെ മാനവും
ഇരുളുന്നു വീണ്ടും......
പെയ്തൊഴിയൊഴിയുന്നില്ല
ഒരു തുള്ളിപ്പോലും.....!
ഘനമേറെയാണുതാനും
ആർത്തലച്ചു പെയ്യണം
ലഘുവായ് വീണ്ടും
വാനിലേക്കുണർന്നുയരാൻ
ഈ ചക്രമിനുപോൽ തുടരുവാൻ



വിഷ്ണു വി.എസ്
ECONOMICS 1ST YEAR

# യുദ്ധവും ജീവിതവും

രാത്രി നിലാവുള്ള രാത്രിയിൽ
ആകാശത്ത് നീങ്ങുന്ന മിന്നാമിനുങ്ങുകൾ
കൺചിമ്മി  കാണിക്കുന്നു

ദേവനായി നിൽക്കുന്ന ഭീമൻ
പാഞ്ചാലിയെ ഓർത്ത്  കിടക്കുന്നു
തന്റെ സ്നേഹം അറിയാതെ
പാഞ്ചാലി തന്നെ  അറിയാതെ വേദനിപ്പിക്കുന്നു

ഭീമൻ നൽകിയ താമര പൂക്കൾ
വാങ്ങിയത് കളയുകയും
തന്റെ സ്നേഹത്തിനെ മനസിലാക്കാതെ
അർജുനനെ ഓർക്കുകിലോ

അല്ലയോ പാഞ്ചാലി നിൻ കണ്ണുകളിൽ
അർജുനൻ നിഴ ലിക്കുന്നു
തന്റെ ജീവിതത്തിൽ നീ അല്ലാതെ മറ്റാരും
വരികയില്ല

യുദ്ധ ഭൂമിയിൽ തനിക്കു വേണ്ടി
എതിർ പടയാളികളെ കൊന്നതും
ചോര പൂണ്ട കൈകൾ നിറഞ്ഞതും കണ്ണിലെ
കൃഷ്ണ മണികൾ പകച്ചതും

യുദ്ധത്തിൽ മരിച്ചവർ ചോരയൊലിച്ച്
പിടഞ്ഞു കിടക്കവേ ചവിട്ടി മുകളിൽ നടന്നതും
ഓർമ്മയിൽ നിറയുന്നു

ജീവിതമാകുന്ന സന്ധ്യയിൽ നിൽക്കുന്ന
ബാല്യവും നെറ്റിയിൽ ചുംബിച്ച നിൻ
അമ്മ തന്റെ മുഖം ചിന്തിക്കവേ.




അനല്യ രാജ്
PG 1st YEAR



# ചുവപ്പ്

തിരച്ചിലിനൊടുവിൽ മകന്റെ
ശരീരത്തിലന്ന്  കിട്ടിയൊരംശം
പിടിച്ച്
നോവിന്റെ  ശബ്ദത്തോടെ
ഇതായെന്റെ മകനും
സ്വർഗത്തിലേക്ക്
യാത്രയായിരിക്കുന്നെന്ന്
പൊട്ടിക്കരഞ്ഞ് വിളിച്ചുപറയവെ
കണ്ടില്ലെന്നു നടിക്കാൻ....
ശിരസ്സിൽ നിന്ന്
ചോരയൊലിക്കുന്നത്
വകവെക്കാതെ തന്റെ മാതാവിനെ
വിതുമ്പിക്കൊണ്ട് പരതുന്ന
റോസാപ്പൂക്കളെ
കണ്ടില്ലെന്ന് നടിക്കാൻ....
സ്വന്തം മണ്ണിൽ നിന്ന് തന്നെ
സ്വന്തം മണ്ണിനു വേണ്ടി മരണം
മുന്നിൽക്കണ്ട്
നിൽക്കുന്നവരെയൊക്കെയും
കണ്ടില്ലെന്ന് നടിക്കാൻ,
ഹൃദയം,
എന്നെന്നേക്കുമായി
കല്ലാക്കേണ്ടിയിരിക്കുന്നു





അഫ്ന ഷെറിൻ
BA Economics 2nd Year

# DREAMS

Sometimes they scare me,when I'm in sleep.
But sometimes they make me happy......!
What is the reason behind it.....?
I don't know,
The content and purpose of dreams are not
fully understood.
Our dreams are valid sometimes and give
some golden moments in our life.
Our dreams are so much better than reality.
I enjoy the dreams and I trust them.
Sleeping beauty loudly says your dreams will
come true.
God teaches me......
How dreams can come true.....!
I am thankful to God.



അനുഗ്രഹ സുധിഷ്ണൻ
BA Economics 3rd Year



# ARTS & SPORTS












MEGHNA KRISHNA

**Calicut University Archery Competition First Prize**
**Southwest InterUniversity Archery Competition Second Prize**



# CLAUDIA GOLDIN

## ECONOMICS NOBEL PRIZE WINNER 2023

Peek-a-Boo to Her and Her Research Paper THE STORY SO FAR:"The first comprehensive account of women's earning and labor market participation through the centuries" The Royal Swedish Academy of Sciences announced that the Sveriges Riksbank Prize in Economics Sciences for 2023 was being awarded to Hravard University Professor Claudia Goldin for "having advanced our understanding of women's labor market outcomes." Professor Goldin is only the third woman to win the Economics Prize, and the first to do so alone. Professor Goldin trawled through the archives of about 200 years in the United States to demonstrate how and why gender differences in earnings and employment rates have changed over time. The most significant of her observations was that female participation in the labor market did not exhibit an upward trend over the entire period. Economic growth ensuing in varied periods did not translate to reducing gender differences in the labor market. She demonstrated that several factors have historically influenced and are still influencing the supply and demand for female labor. These include opportunities for combining paid work with fa mily decisions and expectations related to pursuing educatio n and raising children, technical raising innovations, laws and norms,and the structural transformation of an economy. She says that "Men are able to have the family and steo uo because women step back in terms of their jobs, but both are deprived. Men forgo time with their family, and women forgo their career".



AAN CHRISTY
BA ECONOMICS 3RD YEAR



# THE IMPACT OF CORONA VIRUS CRISIS ON THE AGRICULTURAL SECTOR

The COVID-19 pandemic has disrupted economies and societies worldwide, w ith far-reaching consequences across various industries. Among the most aff ected sectors is agriculture, which play s a critical role in ensuring food securit y and supporting livelihoods globally. This article explores the multifaceted impacts of the coronavirus crisis on th e agricultural sector.One of the most si gnificant challenges faced by the agric ultural sector during the pandemic has been the disruption of supply chains. L ockdowns, travel restrictions, and bor der closures have hindered the movem ent of agricultural inputs, such as seed s, fertilizers, and machinery, as well as the transportation of produce to mark markets. This disruption has led to del ays in planting, harvesting, and distrib ution, resulting in losses for farmers an d food shortages for consumers.The ag ricultural sector relies heavily on migra nt workers for planting, harvesting, an d processing crops. However, travel re strictions and fear of infection have le t o labor shortages in many regions. M igrant workers who were unable to trav el to farms have left crops unharvested, leading to significant financial losses for farmers and reduced food producti on. Additionally, labor-intensive crops such as fruits and vegetables have been particularly affected, further exacerb ating the impact on food supply chains

The pandemic has caused significant shifts in consumer behavi or and demand for agricultural product s. With restaurants closed and events canceled, demand for certain high-value crops, such as specialty fruits and vege tables, has decreased sharply. In contr ast, there has been increased demand for staple foods and products suitable for long-term storage, such as grains a nd canned goods. These shifts in demand have led to market volatility and price fluctuations, posing challenges for f farmers in planning their production and marketing strategies. The economic fallout from the pandemic has placed additional fina

Add a little bit of body financial strain on farmers, many of whom were already operating on thin profit margins. Reduced incomes, increased production costs, and limited access to credit have left many farmers struggling to make ends meet. Moreover, small-scale farmers and those without access to formal financial institutions have been disproportionately affected, further widening existing inequalities within the agricultural sector. The coronavirus crisis has underscored the interconnectedness of global food systems and highlighted the vulnerabilities of the agricultural sector to external shocks. As the world continues to grapple with the pandemic, it is essential to prioritize the resilience of agricultural systems, support small-scale farmers, and promote sustainable practices to ensure food security for all. By leveraging innovation, collaboration, and targeted interventions, we can mitigate the impacts of the crisis and build a more resilient and equitable agricultural sector for the future.

Reference : OECD policy response to corona virus report 2020,
Negative effects of covid – 19 pandemic on agriculture by ResearchGate



ASWINI M A
BA ECONOMICS 3RD YEAR

# EXPLORING THE COSMOS:

# UNVEILING THE ECONOMICS OF SPACE

As humanity extends its reach beyond earth's boundaries, the realm of space is not just a frontier for scientific exploration but also a burgeoning economic landscape. The concept of Space Economics delves into the financial aspects of space exploration, satellite technologies, and the evolving space industry.

At the core of Space Economics lies the launch industry, responsible for propelling satellites, scientific instruments, and even humans into space. With private companies like SpaceX, Blue Origin, and others entering the scene, competition has intensified, driving innovation and lowering launch costs. This, in turn, opens new opportunities for scientific missions, telecommunications, and Earth observation.

Satellites have become integral to our daily lives, supporting communication, navigation, weather monitoring, and more. The economic significance of satellite services cannot be overstated, as industries and governments rely on these space-based technologies. The demand for satellites continues to grow, fostering a lucrative market for manufacturing, launching, and maintaining these orbiting assets.

